നം. KITE/2023/1562 (34) തീയതി : 04.07.2023

**സർക്കുലർ**

**വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2023-26 അധിക ബാച്ച് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം. 361/2018/പൊ.വി.വ. തീയതി 20.01.2018.

2. ഈ ഓഫീസിലെ 01.07.2023-ലെ കൈറ്റ്/2023/1562 (16) നമ്പർ നടപടി ഉത്തരവ്.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ 2023-26 ബാച്ചിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് 2023 ജൂൺ 13-ന് നടന്ന അഭിരുചി പരീക്ഷയിൽ 25 ശതമാനത്തിലധികം മാർക്ക് നേടിയ കുട്ടികളിൽ നിന്നും മികച്ച 20 മുതൽ 40 വരെ കുട്ടികളെ സൂചന 2 പ്രകാരം തെരഞ്ഞെടുത്ത് യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

ചില സ്കൂളുകളിൽ ധാരാളം കുട്ടികൾ അഭിരുചി പരീക്ഷയിൽ പങ്കെടുക്കുകയും വളരെ മെച്ചപ്പെട്ട മാർക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലും നിലവിൽ ഒരു ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് മാത്രമാണ് അനുമതി നൽകിയിരിക്കുന്നത്. സ്കൂളുകളിൽ നിന്നുള്ള തുടർച്ചയായ ആവശ്യം പരിഗണിച്ച് ഒരു സ്കൂളിൽ തന്നെ 2023-26 ബാച്ചിലേയ്ക്ക് മാത്രം ഒരു അധിക ബാച്ചുകൂടി ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.

1. നിലവിലുള്ള ബാച്ചിന്റെ പ്രവർത്തനം കൃത്യമായി നടക്കുന്നതും അധിക ബാച്ച് ആവശ്യപ്പെടുന്നതുമായ യൂണിറ്റുകൾ.
2. ഈ വർഷത്തെ അഭിരുചി പരീക്ഷയിൽ 25 ശതമാനമോ അധിലധികമോ മാർക്ക് നേടിയവരിൽ എൻ.സി.സി, എസ്.പി.സി, സ്കൗട്ട്സ് & ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ് തുടങ്ങിയ മറ്റ് ക്ലബ്ബുകളിൽ അംഗത്വം നേടാത്ത 120-ലധികം കുട്ടികളുള്ള യൂണിറ്റുകൾ.
3. അധിക യൂണിറ്റ് അനുവദിച്ചാൽ പ്രവർത്തിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങളും കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാരുടെ എണ്ണത്തിനുപരിയായി അധികമായി വേണ്ടിവരുന്ന സൗകര്യങ്ങളും ഒരുക്കാൻ കഴിയുന്ന യൂണിറ്റുകൾ.
4. നിലവിൽ രണ്ട് ബാച്ച് അനുവദിച്ചിട്ടുള്ള യൂണിറ്റുകൾക്ക് പുതിയ ബാച്ചിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ നിലവിൽ അനുവദിച്ച സ്കൂളുകൾക്ക് അധിക ബാച്ച് പ്രവർത്തി പ്പിക്കാൻ താല്പര്യമുള്ള സ്കൂൾ അധികൃതർ അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ 2023 ജൂലൈ 12-നകം കൈറ്റിന്റെ അതത് ജില്ലാ ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. ജില്ലാതലത്തിൽ ലഭിക്കുന്ന അപേക്ഷകൾ ചുമതലയുള്ള മാസ്റ്റർ ട്രെയിനറുടേയും ജില്ലാ കോ-ഓർഡിനേറ്ററുടേയും ശുപാർശ സഹിതം (സോഫ്റ്റ് കോപ്പി) ജൂലൈ 14-നകം സ്റ്റേറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - ആമുഖ കത്ത് സഹിതം
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ-മാർക്കും
സ്റ്റോക്ക് ഫയൽ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

## ലിറ്റിൽ കൈറ്റ്സ്
## 2023-26 അധിക ബാച്ച് അനുവദിക്കുന്നതിനുള്ള അപേക്ഷ

| | |
|---|---|
| സ്കൂൾ കോഡ് | |
| സ്കൂളിന്റെ പേര് | |
| എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം | |
| അഭിരുചി പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | |
| അഭിരുചി പരീക്ഷയിൽ യോഗ്യത നേടിയവരുടെ എണ്ണം (5-ൽ കൂടുതൽ മാർക്ക് നേടിയവർ) | |
| അഭിരുചി പരീക്ഷയിൽ യോഗ്യത നേടിയവരിൽ മറ്റ് ക്ലബ്ബുകളിൽ അംഗത്വം എടുത്ത കുട്ടികളുടെ എണ്ണം | |
| ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന ആകെ ലാപ്ടോപ്പുകളുടെ എണ്ണം | |
| കമ്പ്യൂട്ടർ ലാബുകളുടെ എണ്ണം | |
| അധിക ചെലവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ സ്കൂൾ വഹിക്കാൻ തയ്യാറാണോ? | |
| അധിക ബാച്ച് അനുവദിക്കുകയാണെങ്കിൽ രണ്ട് ബാച്ചുകളായി എല്ലാ പ്രവർത്തനങ്ങളും ക്രമീകരിക്കാൻ സന്നദ്ധമാണോ? | |
| 2021 -24 ബാച്ചിൽ ജില്ലാക്യാമ്പിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം | |
| 2021-24 ബാച്ചിൽ നിന്ന് സംസ്ഥാന ക്യാമ്പിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം | |
| ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ മുൻ വർഷം നടത്തിയ തനത് പ്രവർത്തനങ്ങൾ | |

### നിലവിലെ കൈറ്റ്മാസ്റ്ററുടെ വിശദാംശങ്ങൾ

| പേര് | തസ്തിക |
|---|---|
| | |
| | |

**പുതിയ കൈറ്റ് മാസ്റ്ററായി സേവനമനുഷ്ഠിക്കാൻ തയ്യാറുള്ള അധ്യാപകരുടെ വിശദാംശങ്ങൾ**

| പേര് | തസ്തിക |
|---|---|
| | |
| | |

**<u>സത്യപ്രസ്താവന</u>**

1. ഞങ്ങളുടെ വിദ്യാലയത്തിൽ അധിക യൂണിറ്റ് അനുവദിക്കുകയാണെങ്കിൽ കൈറ്റ് കാലാകാലങ്ങളിൽ നിർദേശിക്കുന്ന ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും ചെയ്യുന്നതാണ്.
2. അനുവദിക്കുന്ന അധിക ബാച്ചിനെ പ്രത്യേക ബാച്ചായി കണക്കാക്കി പ്രത്യേക ദിവസങ്ങളിൽ ക്ലാസുകൾ ക്രമീകരിക്കുന്നതാണ്.
3. പുതിയ യൂണിറ്റ് ലഭിക്കുന്നതിലൂടെ ഉണ്ടാകാവുന്ന ചെലവുകൾക്ക് കൈറ്റ് അനുവദിക്കുന്നതിന് ഉപരിയായി ചെലവ് ഉണ്ടായാൽ അത് സ്കൂൾ കണ്ടെത്തുന്നതിന് സന്നദ്ധമാണ്.

പി.ടി.എ പ്രസിഡന്റ്

പേര്

ഒപ്പ്

പ്രഥമാധ്യാപിക/പ്രഥമാധ്യാപകൻ

പേര്

ഒപ്പ്

(ഓഫീസ് സീൽ)

| |
|---|
| ചുമതലയുള്ള മാസ്റ്റർ ട്രെയിനറുടെ ശുപാർശ:<br><br>പേര്: ഒപ്പ്: |
| ചുമതലയുള്ള മാസ്റ്റർ ട്രെയിനറുടെ ശുപാർശ:<br><br>പേര്: ഒപ്പ്: |
| |